ഭരണ ഭാഷ-മാതൃഭാഷ

WEC 2-12314/2020

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 15/07/2021
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

വനിതാ ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസ ഓഫീസർമാർക്കും

സർ,

വിഷയം:-വനിതാ ശിശു വികസന വകുപ്പ്-സ്ത്രീധന നിരോധന നിയമം 1961-ക്ഷേമ സ്ഥാപനങ്ങൾ/സംഘടനകൾക്ക്-അംഗീകാരം നൽകുന്നത് സംബന്ധിച്ച്

സൂചന:- സ്ത്രീധന നിരോധന നിയമം 1961

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന വിജ്ഞാപനപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്ന സംഘടനകളുടെ അപേക്ഷകൾ താങ്കളുടെ വ്യക്തമായ ശുപാർശ സഹിതം 30/07/2021 ന് മുൻപ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വനിതാ ശിശു വികസന ഡയറക്ടർ

WEC 2-10129/2021

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 15/07/2021
ഇമെയിൽ:directorate.wcd@kerala.gov.in
www.wcd.kerala.gov.in
ഫോൺ നം. 0471-2346534

# വിജ്ഞാപനം

സ്ത്രീധന നിരോധന നിയമം 1961 സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി വനിതാ ക്ഷേമ പ്രവർത്തനങ്ങളിൽ മൂന്ന് വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള സംഘടനകളിൽ നിന്നും (കേരള സ്ത്രീധന നിരോധന റൂൾസ് 2004 റൂൾ(9) സബ് റൂൾ(ii)) അപേക്ഷ ക്ഷണിയ്ക്കുന്നു. തെരെഞ്ഞെടുക്കപ്പെടുന്ന സംഘടനകൾ സത്രീധന നിരോധന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടേണ്ടതും സ്ത്രീധന നിരോധന ഓഫീസറെ പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സഹായിക്കേണ്ടതുമാണ്.

അപേക്ഷിയ്ക്കുന്ന സ്ഥാപനം ചുവടെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. സ്ത്രീധന നിരോധന മേഖലയിൽ പ്രവർത്തിക്കാൻ താൽപര്യമുള്ള സംഘടനകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള Form No. IV ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. ചുവടെ പറയുന്ന ഏതെങ്കിലും മേഖലയിൽ കുറഞ്ഞത് മൂന്ന് വർഷത്തെ സ്തുത്യർഹ സേവനം കാഴ്ച വച്ചിട്ടുള്ള സംഘടനകളായിരിക്കണം.
   a. വനിതാ ക്ഷേമം/സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ, /സ്ത്രീകൾക്ക് പരിശീലനം നൽകുന്ന സംഘടനകൾ
   b. ദേശീയ-സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന മഹിളാ സമാജം/വനിതാ സംഘടനകൾ
   c. സാമൂഹ്യ തിന്മ ഉന്മൂലനം ചെയ്യുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും Lawyer's Organisation.
   d. ദുർബല ജനവിഭാഗങ്ങളുടെ സംരക്ഷണം, ക്ഷേമം, സ്ത്രീകളുടേയും കുട്ടികളുടേയും രക്ഷാ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകൾ.

അപേക്ഷയോടൊപ്പം ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

e. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്), ഇന്ത്യൻ ട്രസ്റ്റ് ആക്ട്)
f. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ
g. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ,
h. റൂൾസ് & റെഗുലേഷൻസ് , ബൈലോ
i. കമ്മിറ്റി അംഗങ്ങളുടെ ലിസ്റ്റ്
j. ഓഫീസ് സ്റ്റാഫ് ലിസ്റ്റ്
k. മൂന്ന് വർഷത്തെ പ്രവർത്തന റിപ്പോർട്ടും ആഡിറ്റ് സ്റ്റേറ്റ്മെന്റും
l. സ്ഥാപനത്തിന്റെ മുൻകാല പ്രവർത്തന റിപ്പോർട്ട്

നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ (Form No. IV) ലഭിക്കുന്ന അപേക്ഷകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, എന്നിവർ ചേർന്ന് അന്വേഷണം നടത്തുകയും രേഖകൾ സൂക്ഷ്മ പരിശോധന നടത്തി എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന സ്ഥാപനത്തിന് അംഗീകാരം നൽകുന്നതിനായി സർക്കാരിന് സമർപ്പിക്കുന്നതാണ്.

<u>അപേക്ഷിക്കേണ്ട വിധം</u>

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന (Form No. IV) മാതൃകയിലുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം അതത് ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 23/07/2021. കൂടുതൽ വിവരങ്ങൾക്ക് ചീഫ് ഡവറി പ്രൊഹിബിഷൻ ഓഫീസർ & ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിലോ www.wcd.kerala.gov.in വെബ് സൈറ്റിലോ 04712346508 എന്ന നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

ചീഫ് ഡവറി പ്രൊഹിബിഷൻ ഓഫീസർ &
ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
തിരുവനന്തപുരം

FORM NO. IV
[See Rule 9 Sub rule (ii)]
FORM OF APPLICATION FOR RECOGNITION OF WELFARE INSTITION/ORGANIZATION

1. Name of the Welfare Institution/Organization
2. Full Address
3. Aims and Objectives
4. Name and address of the Head of the Institution/Organizations
5. Brief account of its activities
6. Justification for granting recognition
7. Has any such application been made previously, if so its results together with date, month and year
8. Any other particulars

Enclosures:

(1)

(2)

(3)

Place: